**ഭരണഭാഷ മാതൃഭാഷ**

ഇ.മെയിൽ: 'dmekerala@gmail.com'
ഫാക്സ്: 0471-2443080

ഫോൺ (ഓഫീസ്) : 2528575
2444270
ഡയറക്ടർ : 2444011

**കേരള സർക്കാർ**
**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

മെഡിക്കൽ കോളേജ് പി.ഒ.
തിരുവനന്തപുരം 695011

എച്ച് 2/16706/2006/മെ.വി.കാ.

തീയതി: 25.09.2019

## പരിപത്രം

വിഷയം: മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്- ജീവനക്കാര്യം – മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ റീഹാബിലിറേഷൻ കോ -ഓർഡിനേററർ തസ്തികയിലെ ഒഴിവ് നികത്തുന്നതിനായി യോഗ്യരായ ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നത്-സബന്ധിച്ച്,

പരാമർശം:1. 21.06.1977 ലെ സ.ഉ.(കൈ) 142/77/ഹെൽത്ത് നമ്പർ സർക്കാർ ഉത്തരവ്.
2.12.05.1983 ലെ സ.ഉ.( കൈ) 107/83/ഹെൽത്ത് നമ്പർ സർക്കാർ ഉത്തരവ്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ റീഹാബിലിറേഷൻ കോ-ഓർഡിനേററർ തസ്തികയിൽ (ശമ്പള സ്കെയിൽ :35700-75600) 27.08.2019 മുതൽ ഉണ്ടായ ഒഴിവിലേക്ക് താഴെ പറയുന്ന യോഗ്യതയുള്ള സോഷ്യൽ സയന്റിസ്റ്റുമാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

അടിസ്ഥാന യോഗ്യത : സോഷ്യോളജിയിൽ എം.എ. ബിരുദം.
അഭികാമ്യം :റീഹാബിലിറേഷൻ അഡ്മിനിസ്ട്രേഷനിൽ ഒരു വർഷത്തെ പ്രവൃത്തി പരിചയം.

അപേക്ഷ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള നിർദ്ദിഷ്ട മാതൃകയിൽ ആയിരിക്കേണ്ടതും അപേക്ഷകർ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ അവരുടെ സേവന പുസ്തകവുമായി ഒത്തു നോക്കി ശരിയാണെന്ന് അതാത് സ്ഥാപന മേധാവികൾ ഉറപ്പ് വരുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. അപേക്ഷയോടൊപ്പം യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ കൂടി ഉള്ളടക്കം ചെയ്യേണ്ടതാണ്. അപേക്ഷകൾ 10.10.2019 നോ അതിനു മുമ്പോ ബന്ധപ്പെട്ട വകുപ്പ് മേധാവി മുഖേന അതാത് പ്രിൻസിപ്പാളിന് സമർപ്പിക്കേതും, അതാത് പ്രിൻസിപ്പാൾമാർ അപേക്ഷകൾ പരിശോധിച്ച് പൂർണ്ണമാണെന്ന് ഉറപ്പുവരുത്തി സാക്ഷ്യപ്പെടുത്തി 15.10.2019 നോ അതിനു മുമ്പോ ഈ കാര്യാലയത്തിൽ എത്തിക്കേണ്ടതുമാണ്.

വൈകി ലഭിക്കുന്നതും അപൂർണ്ണങ്ങളുമായ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. അതുപോലെ അപേക്ഷകൾ ഈ കാര്യാലയത്തിൽ നേരിട്ട് സമർപ്പിക്കുവാനും പാടുള്ളതല്ല.

ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ഈ പരിപത്രത്തിന്റെ പകർപ്പ് സമയ ബന്ധിതമായി എല്ലാ ജീവനക്കാരുടെയും അറിവിലേക്കായി നൽകേണ്ടതാണ്.

ഒപ്പ്

ഡോ.ജോളി മേരി വറുഗീസ്

ജോയിന്റ് ഡയറക്ടർ (ജനറൽ)

പകർപ്പ്: 1. പ്രിൻസിപ്പാൾ, ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം/ ആലപ്പുഴ/തൃശൂർ.

2. വെബ്സൈററ്/ നോട്ടീസ് ബോർഡ്/ ഫയൽ/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട്